വിദേശ സഹായത്തോടുകൂടി നടപ്പിലാക്കുന്ന ശുദ്ധജല പദ്ധതികൾ

33 (183) ശ്രീ. ടി. എം. ജേക്കബ് :
ശ്രീമതി കെ. ആർ. ഗൗരിയമ്മ :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശ ഗവൺമെന്റുകളുടെയും വിദേശത്തുള്ള ധനകാര്യ ഏജൻസികളുടെയും സഹായത്തോടെ കേരളത്തിൽ ഇപ്പോൾ നടപ്പിലാക്കിവരുന്ന ശുദ്ധജല പദ്ധതികൾ ഏതെല്ലാം ;

(ബി) ഓരോ പദ്ധതിക്കും എന്തു തുക വീതമാണ് ലഭ്യമായിട്ടുള്ളത് ;

(സി) ഇവ എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(ഡി) ജപ്പാൻ ഗവൺമെന്റിന്റെ സഹായത്തോടുകൂടി ആരംഭിക്കാനുദ്ദേശിക്കുന്ന ശുദ്ധജലവിതരണ പദ്ധതിയെ സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപം ഉണ്ടായിട്ടുണ്ടോ ;

(ഇ) ഈ പദ്ധതിയുടെ കൺസൾട്ടന്റ് ആരാണ് ; കൺസൾട്ടന്റിനെ നിയമിക്കാൻ സ്വീകരിച്ച നടപടി ക്രമങ്ങൾ എന്തെല്ലാം ;

(എഫ്) ഇതുമായി ബന്ധപ്പെട്ട് സി.ബി.ഐ. അന്വേഷണം നടത്തണമെന്ന് ആരെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ;

(ജി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് സി.ബി.ഐ. എന്തെങ്കിലും പ്രാഥമികാന്വേഷണം നടത്തിയതായി കേരള വാട്ടർ അതോറിറ്റിയുടേയോ സർക്കാരിന്റേയോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നെതർലാന്റ് ഗവൺമെന്റിന്റെ ധനസഹായത്തോടെ കേരളത്തിൽ എട്ട് ശുദ്ധജലവിതരണ പദ്ധതികൾ ആരംഭിച്ചിരുന്നു. ഇവ വക്കം-അഞ്ചുതെങ്ങ്, നാട്ടിക-ഫർക്ക, കുണ്ടറ, കോയിപ്പുറം ചെറിയനാട്, തൃക്കുന്നപ്പുഴ, മാള, പാവറട്ടി എന്നിവയാണ്. കുണ്ടറ, പാവറട്ടി എന്നീ രണ്ട് പദ്ധതികൾ ഒഴികെ ബാക്കിയെല്ലാം പൂർത്തിയാക്കി ജലവിതരണം നടത്തി വരുന്നു.

ഗ്രാമീണ ശുദ്ധജലവിതരണ രംഗത്ത് ലോകബാങ്ക് ധനസഹായത്തോടെ തൃശ്ശൂർ, കോഴിക്കോട്, പാലക്കാട്, മലപ്പുറം എന്നീ 4 ജില്ലകളിൽ ഗുണഭോക്തൃ പങ്കാളിത്തത്തോടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾക്കുള്ള അവസാനഘട്ട ചർച്ചകൾ നടന്നുവരികയാണ്. ജപ്പാനിലെ ജെ.ബി.ഐ.സി. (മുൻ ഒ.ഇ.സി.എഫ്.) യുടെ സഹായത്തോടെ കേരളത്തിൽ അഞ്ച് ശുദ്ധജല വിതരണ പദ്ധതികൾ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനുള്ള നടപടികൾ ഊർജിതമായി തുടർന്നു വരുന്നു. പദ്ധതികൾ ഇവയാണ് :-

LIBRARY ARCHIVES Kerala Legislative Assembly

1. തിരുവനന്തപുരം നഗരവും പ്രാന്തപ്രദേശങ്ങളും
2. മീനാടും സമീപ ഗ്രാമങ്ങളും
3. ചേർത്തലയും സമീപ ഗ്രാമങ്ങളും
4. കോഴിക്കോട് നഗരവും പ്രാന്തപ്രദേശവും
5. പട്ടുവവും സമീപ ഗ്രാമങ്ങളും

(ബി) നെതർലാന്റ് ധനസഹായത്തോടെ ആരംഭിച്ച 8 ശുദ്ധജലവിതരണ പദ്ധതികൾക്ക് താഴെപറയുന്ന തുക ലഭിച്ചു.

1.	വക്കം അഞ്ച് തെങ്ങ്	5.23 കോടി രൂപ
2.	നാട്ടിക ഫർക്ക	17.83 "
3.	കുണ്ടറ	13.54 "
4.	കോയിപ്പുറം	1.27 "
5.	ചെറിയനാട്	1.14 "
6.	തൃക്കുന്നപ്പുഴ	0.26 "
7.	മാള	3.03 "
8.	പാവറട്ടി	34.09 "

ജപ്പാനിലെ ജെ.ബി.ഐ.സി.യുടെ സഹായത്തോടെയുള്ള ശുദ്ധജല വിതരണ പദ്ധതിയ്ക്കും പുതിയ ലോകബാങ്ക് പദ്ധതിക്കും ഇതുവരേയും ധന സഹായം ഒന്നും തന്നെ ലഭിച്ചിട്ടില്ല.

(സി) നെതർലാന്റ് ഗവൺമെന്റിന്റെ ധനസഹായത്തോടെ ഏറ്റെടുത്ത് നടപ്പിലാക്കിയിരുന്ന 8 പദ്ധതികളിൽ 6 എണ്ണം പണി പൂർത്തിയാക്കി ജല വിതരണം നടത്തി വരുന്നു. ഇപ്പോൾ പണി നടന്നുവരുന്ന കുണ്ടറ ജലവിതരണ പദ്ധതിയും, പാവറട്ടി ശുദ്ധജലവിതരണ പദ്ധതിയും ജൂൺ 2000-ൽ കമ്മിഷൻ ചെയ്യാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. ജപ്പാനിലെ ജെ.ബി.ഐ.സി. (മുൻ ഒ.ഇ. സി.എഫ്.) യുടെ സഹായത്തോടെയുള്ള പദ്ധതികൾ കരാറനുസരിച്ച് 2003 ഡിസംബറിൽ പൂർത്തിയാക്കുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. ലോകബാങ്ക് സഹായത്തോടെ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ ചർച്ചകൾ പുരോഗമിച്ചു വരുന്നു.

(ഡി) ഉണ്ട്.

(ഇ) കൺസൾട്ടന്റിന്റെ നിയമനം ഇതുവരെയും നടന്നിട്ടില്ല. നിയമിക്കു ന്നതിനുവേണ്ടി ഷോർട്ട് ലിസ്റ്റ് തയ്യാറാക്കുകയും അവരിൽ നിന്ന് ഓഫറുകൾ ക്ഷണിക്കുകയും, ലഭിച്ച ഓഫറുകളുടെ ടെക്നിക്കൽ ബിഡ്ഡുകളുടെ മൂല്യ നിർണ്ണയം പൂർത്തിയാക്കി ഒ.ഇ.സി.എഫിന്റെ അംഗീകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ടെക്നിക്കൽ മൂല്യനിർണ്ണയത്തിൽ ഒന്നാംറാങ്ക് ലഭിച്ച കമ്പനിയുടെ ഫിനാൻഷ്യൽ ബിഡിന്റെ മൂല്യനിർണ്ണയം നടന്നുവരുന്നു.

(എഫ്) പ്രൊഫ. എ. വി. താമരാക്ഷൻ എം. എൽ. എ. ആവശ്യപ്പെട്ടിട്ടുണ്ട്. ഈ ആവശ്യമനുസരിച്ച് അദ്ദേഹം ഹൈക്കോടതിയിൽ ഒ. പി. ഫയൽ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഈ ഒ.പി. യിൽ വാട്ടർ അതോറിറ്റി നടത്തി വരുന്ന ഇവാലുവേഷൻ പ്രക്രിയ സ്റ്റേ ചെയ്യുവാനും കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുവാനുള്ള ഹ്രസ്വലിസ്റ്റ് പുതുതായി ഉണ്ടാക്കുവാനും ഒരു സി.ബി.ഐ. അന്വേഷണം നടത്തുവാൻ കേന്ദ്ര സർക്കാരിന് നിർദ്ദേശം നൽകാനും മറ്റും ആവശ്യപ്പെട്ടിട്ടുണ്ട്. ഒ.പി. ഹൈക്കോർട്ടിന്റെ പരിഗണനയിലാണ്.

(ജി) സി.ബി.ഐ. ഉദ്യോഗസ്ഥർ പ്രാഥമികാന്വേഷണം നടത്തുന്നതിലേക്കായി കേരള വാട്ടർ അതോറിറ്റിയിൽ നിന്നും രേഖകൾ ആവശ്യപ്പെട്ടിട്ടുണ്ട്.

സംസ്ഥാന ജലസ്രോതസുകളുടെ വരൾച്ച

34 (184) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വറ്റിവരണ്ട ജലസ്രോതസുകളുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് വരണ്ടുകൊണ്ടിരിക്കുന്ന ജലസ്രോതസുകളുണ്ടോ ;

(ഡി) ഇവയുടെ വരൾച്ച ഒഴിവാക്കുവാൻ എന്തെല്ലാം ചെയ്യാനുദ്ദേശിക്കുന്നു ;

(ഇ) സംസ്ഥാനത്തെ ജലസ്രോതസുകളെപ്പറ്റി പഠനം നടത്തുന്നതിന് ഉദ്ദേശമുണ്ടോ ;

(എഫ്) ജലസ്രോതസുകൾ വറ്റിവരളാതിരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ എന്തെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വനനശീകരണവും അശാസ്ത്രീയമായ കൃഷി രീതികളും ഭൂവുപയോഗത്തിൽ വന്ന മാറ്റങ്ങളും തണ്ണീർത്തടങ്ങളും മറ്റും നികത്തുന്നതും ജലത്തിന്റെ അമിതോപയോഗവും സ്രോതസുകൾ വറ്റിവരളുവാൻ കാരണമാകുന്നു.

(സി) ഉണ്ട്.

(ഡി) നദികളിൽ അണകൾ, തടയണകൾ എന്നിവ കെട്ടി വെള്ളം സംഭരിച്ചു കുടിവെള്ളത്തിനും കൃഷിക്കും വെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടത്തി വരുന്നു. കൂടാതെ സംസ്ഥാനത്തെ കുളങ്ങളും മറ്റും സംരക്ഷിക്കുന്നതിലേക്കായി വേണ്ട പണികളും നടപ്പിലാക്കിവരുന്നു.

(ഇ) പഠനം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly